# ശരധി











# എഡിറ്റോറിയൽ

ഒരു നാടിന്റെ ഈണവും താളവും സംസ്കാരവും അവിടുത്തെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനുദാഹരണമാണ് മഹാനായ ചിത്രൻ നമ്പൂതിരിപ്പാടിനാൽ സ്ഥാപിതമായ മൂക്കുതല സ്കൂൾ. ഗതകാലസ്മരണകളേയും വർത്തമാനകാലത്തിന്റെ പ്രതീക്ഷകളുമായ യുവതലമുറയുടെ സർഗ്ഗ വാസനകളേയും ' ശരധി ' എന്ന ഡിജിറ്റൽ മാഗസിനിലൂടെ ഏറെ സന്തോഷത്തോടെ നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുകയാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരോടും ഒപ്പം നന്ദൻ മാഷിനോടുള്ള നന്ദിയും കടപ്പാടും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

സ്നേഹപൂർവ്വം

ആദിത്ത് ഒ.എസ്

ചീഫ് എഡിറ്റർ

## പത്രാധിപ സമിതി

രാജി പി.ജി (എൽ.കെ മിസ്ട്രസ്സ്)

ജനി പി (എൽ.കെ മിസ്ട്രസ്സ്)

നന്ദകിഷോർ

അഭിഷേക് എം.എസ്

മുഹമ്മദ് സിനാൻ

# ഉള്ളടക്കം

1 – എഡിറ്റോറിയൽ.....................................................1

2 – ഉള്ളടക്കം...........................................................2

3 – പ്രണാമം..............................................................3

4 – ചിത്രൻ നമ്പൂതിരിപ്പാടും മൂക്കുതല സ്കൂളും.........4

5 – ക്ലബ് പ്രവർത്തനങ്ങൾ

JRC...................................................................5

6 – SPC.....................................................................6

7 – സ്പോർട്ട്സ് ....................................................7

8 – PCN ലേക്ക് ഒരു തിരിഞ്ഞു നോട്ടം.............8

9 – അനുഭവ കുറിപ്പ്...................................................9

10 – കവിത..............................................................10

11 – കവിത..............................................................11

12 – കഥ.................................................................12

13– ലിറ്റിൽ കൈറ്റ് അംഗങ്ങൾ യൂണിഫോമിൽ.13

14 – പത്മശ്രീയുടെ നിറവിൽ................................14

പി.സി.എൻ.ജി.എച്ച്.എസ്.എസ്
മൂക്കുതല സ്കൂൾ സ്ഥാപകൻ

**ശ്രീ.പി.ചിത്രൻ നമ്പൂതിരിപ്പാടിന്**



# പ്രണാമം

# ചിത്രൻ നമ്പൂതിരിപ്പാടും മൂക്കുതല സ്കൂളും

1920 ജനുവരി 1 ന് മലപ്പുറം ജില്ലയിലെ മൂക്കുതലയിലെ പകരാവൂർ മനയിലാണ് ചിത്രൻ നമ്പൂതിരിപ്പാട് ജനിച്ചത്. യാഥാസ്ഥിതിക നമ്പൂതിരി കുടുംബത്തിലാണ് ജനിച്ചതെങ്കിലും സ്കൂൾ കാലഘട്ടം മുതൽ തന്നെ സാമൂഹികപരിഷ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു ഇതിനുദാഹരണമാണ് 14-ാം വയസ്സിൽ പന്തിഭോജനത്തിൽ പങ്കെടുത്തത് . ബിരുദ ബിരുദാനന്തര പഠനത്തിന് ശേഷം നാട്ടിൽ തിരിച്ചെത്തിയപ്പോഴാണ് മൂക്കുതല ഗ്രാമവാസികളുടെ സാംസ്കാരിക ഉന്നമനത്തിനായി എന്തെങ്കിലും ചെയ്യണമെന്ന് തീരുമാനിച്ചത്. അങ്ങനെ മൂക്കുതലയിലെ അദ്ദേഹത്തിന്റെ 5 ഏക്കർ പറമ്പിൽ 1946 ഒക്ടോബർ 6 ന് മൂക്കുതല സ്കൂൾ സ്ഥാപിച്ചു. 1957 ഒക്ടോബർ 1 ന് ഇ എം എസ് ഗവൺമെന്റിന് 1 രൂപയ്ക്ക് മൂക്കുതല സ്കൂൾ അദ്ദേഹം കൈമാറി. സ്കൂൾ ആരംഭിക്കുമ്പോൾ 166 കുട്ടികളും 14 അധ്യാപക അനധ്യാപക ജീവനക്കാരുമാണ് ഉണ്ടായിരുന്നത്. എന്നാൽ 2024 ആയപ്പോൾ 3340 കുട്ടികളും 110 അധ്യാപക- അനധ്യാപക ജീവനക്കാരുമായി മൂക്കുതല സ്കൂൾ ഉയർച്ചയുടെ പടവുകൾ താണ്ടിക്കൊണ്ടിരിക്കുന്നു.

ഈ നാടിന്റെ ഗുരുനാഥനായ ചിത്രൻ നമ്പൂതിരിപ്പാട് 99 വയസ്സുവരെ നടത്തിയ 30 ഹിമാലയ യാത്രകളും അദ്ദേഹത്തിന്റെ യോഗ നിഷ്ഠയുടെ ഉദാഹരണമാണ്. 2023 ജൂൺ 27 ന് 103-ാംമത്തെ വയസ്സിൽ അദ്ദേഹം അന്തരിച്ചു. സ്വന്തം നാടിനുവേണ്ടി ജീവിച്ച് ഒരുപാട് ഒരുപാട് ഓർമ്മകൾ നാടിനു സമ്മാനിച്ച ചിത്രൻ നമ്പൂതിരിപ്പാടിന്റെ ഓർമ്മകൾക്ക് മുന്നിൽ ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ പ്രണാമം......

# ക്ലബ് പ്രവർത്തനങ്ങൾ

## പി.സി.എന്നിലെ ജെ .ആർ .സി യൂണിറ്റ്



2018 ആഗസ്റ്റ് മാസത്തിലാണ് PCNGHSS മുക്കതലയിലെ JRC യുടെ ആദ്യ യൂണിറ്റ് ആരംഭിക്കുന്നത്. നാടിനെ നടുക്കിയ പ്രളയകാലത്ത് പഠനോപകരണ ശേഖരണം നടത്തി മലപ്പുറത്ത് നേരിട്ടെത്തിച്ച് JRC അതിൻ്റെ സേവന പ്രവർത്തനങ്ങളുടെ ആരംഭം കുറിച്ചു. തുടർന്ന് പ്ലാസ്റ്റിക് നിരോധനം വന്നപ്പോൾ സ്കൂളിന്റെ പേരിൽ തുണിസഞ്ചികൾ ഉണ്ടാക്കുകയും റാലികൾ സംഘടിപ്പിക്കുകയും ചെയ്തു. എസ്. എസ്. എൽ. സി പരീക്ഷാ നടത്തിപ്പിനായി തുണികൊണ്ടുള്ള ഫയലുകൾ നല്കി. കുട്ടികളിൽ പ്രധാനമായും സേവന സന്നദ്ധത വളർത്തുന്നതിനായി നിലകൊള്ളുന്ന JRC സാമ്പത്തികമായി വളരെ പിന്നിൽ നിൽക്കുന്ന കുട്ടികൾക്കായി പഠനോപകരണ ശേഖരണം നടത്തി അർഹതപ്പെട്ടവർക്കു നൽകുന്ന " ബുക്ക് ബാങ്ക് പദ്ധതി", ഭിന്നശേഷിക്കാരായ കുട്ടികളുൾപ്പെടെ 65 ഓം കുട്ടികളുടെ കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് ഭക്ഷ്യ കിറ്റുകൾ നല്കുന്ന " കനിവിൻ്റെ കരുതൽ പദ്ധതി" , ഭിന്നശേഷി കുട്ടികൾക്കായുള്ള ഹൃദയപൂർവ്വം പദ്ധതി തുടങ്ങിയവയെല്ലാം JRC നടത്തി പോരുന്ന തുടർപ്രവർത്തനങ്ങളാണ്. ഒപ്പം

സഹയാത്ര ചാരിറ്റബിൾ സൊസൈറ്റിയിലെ ഭിന്ന ശേഷിക്കാരായ സഹോദരങ്ങൾ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വിറ്റ് അവർക്ക് കൈതാങ്ങാകാനും കഴിയുന്നു. നാല് വർഷത്തിനിടെ ഈ പ്രവർത്തനം കൊണ്ട് മൂന്ന് ലക്ഷത്തോളം രൂപ JRC കുട്ടികളുടെ പ്രവർത്തനം കൊണ്ട് നൽകാനായി.

ഹരിത ഭൂമിക്കായി ഞാനും" എന്ന സ്കൂൾ പ്രവർത്തനത്തിലെ വളർണ്ടിയറായി JRC കേഡറ്റ്സും പ്രവർത്തിച്ചു വരുന്നു.

# എസ്.പി.സി





2018 -ൽ SPC യുടെ പ്രവർത്തനം മുക്കുതലയിൽ ആരംഭിച്ചു. എന്റെ മരം , ലഹരി വിമുക്ത സർവ്വേ, ബ്ലഡ് ഡൊണേഷൻ എന്നിവ SPC യുടെ നേതൃത്വത്തിൽ നടക്കാറുണ്ട്. ഹരിത ഭൂമിക്കായി ഞാനും എന്ന പദ്ധതിയിലൂടെ പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് എന്ന ലക്ഷ്യത്തിനായി പ്രവർത്തിക്കുന്നതും SPC കേഡറ്റുകളാണ്. പി.സി എന്നിൽ നിന്ന് സംസ്ഥാനക്യാമ്പിലേക്ക് സീനിയർ കേഡറ്റായ ശ്രേയ. ഐ. പി പങ്കെടുത്തു

# കായികം

Sports report 2023-24 PCNGHSS MOOKKUTHALA 2023-2024 തികച്ചും നല്ല അധ്യയന വർഷം തന്നെ ആയിരുന്നു. കായിക മേഖലയിൽ പുത്തൻ ഉണർവുണ്ടാക്കി. ദേശിയ തലത്തിലും സംസ്ഥാന തലത്തിലും വളരെ അധികം നേട്ടങ്ങൾ കൈവരിച്ചു.. ദേശിയ തലത്തിൽ തുഷാര, പവിത്ര, പ്രാർത്ഥന തുടങ്ങിയ വിദ്യാർത്ഥിനികൾ സ്കൂളിന്റെ പ്രതിനിധികൾ ആയി weightlifting മത്സരത്തിൽ പങ്കെടുക്കുകയുണ്ടായി... സംസ്ഥാന തലത്തിൽ Athletics ൽ Anna zuzan നും Yoga യിൽ വൈഗയും അഹല്യയും, boxing മത്സരത്തിൽ മേഘയും, karate യിൽ അനുവിനും, POWERLIFTING ൽ പ്രാർത്ഥനയും weightlifting ൽ മൊഹമ്മദ് യാസിൻ, റയാൻ അബ്ദുൾ ജലാൽ, അധ്നാൻ, ഫിദ നെസ്റിൻ, പവിത്ര, പ്രാർത്ഥന, തുഷാര എന്നിവർ നമ്മുടെ സ്കൂളിൽ നിന്നും പങ്കെടുക്കുകയും മികച്ച നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു




ദേശീയതലത്തിൽ വെയിറ്റ് ലിഫ്റ്റിങ്ങ് വിഭാഗത്തിൽ കേരളത്തെ പ്രതിനിധികരിച്ച് പങ്കെടുത്ത തുഷാര, പവിത്ര



PCNGHSS
കൊട്ടിക്കയറിഗംഗയുംസംഘവും
അഭിനന്ദനങ്ങൾ
UTHALA
അഭിനന്ദനങ്ങൾ
SSLC റിസൽട്ട് 2023
ഫുൾ A+ നേടിക്കൊടുത്ത
PCNGHSS മൂക്കുതല
78 FULL A+
27 9A+
PTA, SMC, STAFF
PCNGHSS MOOKKUTHALA
PCNGHSS
15 - USS
15 - USS സ്കോളർഷിപ്പ് വിജയികൾ
2023

# എന്റെ പാട്ടോർമ്മ

പാട്ടുകളോടുള്ള ഇഷ്ടം എന്നിൽ നിറച്ചതെന്റെ അച്ഛനായിരുന്നു. ശാസ്ത്രീയമായി പഠിച്ചിട്ടില്ലെങ്കിലും അസാധ്യമായി പാടിയിരുന്ന ഒരാളായിരുന്നു അച്ഛൻ. പഴയ കാല ഗായകനായ ബ്രഹ്മാനന്ദന്റെ അതേ സ്വരമായിരുന്നു അച്ഛന്റേതെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. കോളേജിൽ പഠിക്കുന്ന കാലത്തും അച്ഛനെല്ലാവർക്കും പ്രിയപ്പെട്ട ഗായകനായിരുന്നു. പലപാട്ടുകളും ആ ശബ്ദത്തിലൂടെയാണ് ഞാനാദ്യം കേട്ടിട്ടുള്ളത്. യഥാർത്ഥ രൂപത്തിൽ കേൾക്കുന്നതിനേക്കാളും അച്ഛന്റെ ശബ്ദത്തിൽ കേൾക്കാനാണ് അന്നും ഇന്നും എനിക്കിഷ്ടം.

ഒരുപാട് പാട്ടുകൾ അച്ഛനോട് ചേർന്ന് നിൽക്കുന്നുണ്ടെങ്കിലും അച്ഛനിലൂടെ ഞാനാദ്യം കേട്ടൊരു പാട്ടുണ്ടായിരുന്നു. ഒരു പക്ഷെ, എന്റെ ബോധതലത്തിലേക്ക് ആദ്യമായി കയറി കൂടിയ പാട്ടും അതായിരിക്കണം. ഒരു താരാട്ടുപാട്ടായിരുന്നു അത്.

ചെറുപ്പത്തിൽ എന്റെ പഴയവീടിന്റെ ഇടച്ചുമരിനോട് ചേർന്നാണ് അച്ഛൻ കിടന്നിരുന്നത്. അച്ഛന്റെ വലതുകൈ തണ്ടയിൽ തലയും വെച്ച് അച്ഛനെ ചുറ്റി ഞാനും കിടക്കും, അച്ഛൻ പറയുന്ന കഥകളും പാട്ടുകളും കേട്ട് . അച്ഛനെന്നും ആദ്യം പാടി തന്നിരുന്നത് ആ താരാട്ടുപാട്ടായിരുന്നു. യേശുദാസിന്റെ ശബ്ദത്തിൽ ആ പാട്ട് കേൾക്കുന്നത് ഈയടുത്തകാലത്താണ് . അച്ഛന്റെ ശബ്ദത്തിലല്ലാതെ ഞാനാ പ്പാട്ട് കേൾക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ല. ആ പാട്ടിൽ നിറയെ അച്ഛനുണ്ട്. അച്ഛന്റെ ഗന്ധമുണ്ട്. അച്ഛന്റെ ജീവിതമുണ്ട്. അതുകൊണ്ടു തന്നെ എനിക്കേറ്റവും പ്രിയപ്പെട്ട പാട്ടും അതാണ് .

പഴയ വീടിന്റെ ഉമ്മറതിണ്ണയിൽ ചുമരിൽ ചാരിയിരുന്ന് കാലുകൾ നീട്ടിവെച്ച് തുടയിൽ താളമിട്ടും തൂണിൽ തൂങ്ങി കിടക്കുന്ന കണ്ണാടിയിൽ നോക്കി മുടി ചീകിയൊതുക്കുമ്പോഴും പണിതീരാത്ത വീടിന്റെ മുന്നോട്ട് ഉന്തിനിൽക്കുന്ന തറയിൽ കസേരയിലിരുന്ന് വിദൂരത്തേക്ക് നോക്കിയും ' പ്രിയമുള്ളവളേയും..., മാനത്തെ കായലിലും ..... , നഷ്ട സ്വർഗങ്ങളേയും .. അനുരാഗ ഗാനം പോലെയും ... എല്ലാം അച്ഛൻ ആസ്വദിച്ച് ഈണത്തിൽ പാടുന്നത് കണ്ടിട്ടുണ്ട്.

അച്ഛന്റെ കൗമാര യൗവന കാലങ്ങളിലെ പാട്ടുകൂട്ടങ്ങളെ ഓർത്തെടുത്തു പറയുമ്പോഴെല്ലാം അച്ഛൻ ആവേശഭരിതനാകാറുണ്ടായിരുന്നു. ഞാൻ രണ്ടാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ആദ്യമായി സ്കൂളിൽ ഒരു പാട്ടു പാടുന്നത്. ഞങ്ങടെ ബീവാത്തു ടീച്ചർ പറഞ്ഞ് ഞാനന്ന് പാടിയത് അഞ്ജന കണ്ണെഴുതി ..... ആലില താലി ചാർത്തി എന്ന പാട്ടായിരുന്നു. അച്ഛൻ തന്നെയായിരുന്നു അതിന്റെ പിന്നിലും.

അച്ഛനോട് ചേർന്നു നിൽക്കുന്ന ഒട്ടനവധി പാട്ടുകളുണ്ട്. "ഈ ദുനിയാവിന് വയസ്സില്ല ......" എന്ന് തുടങ്ങുന്നൊരു മാപ്പിള പാട്ട് ഒട്ടുമിക്ക കല്യാണ വേദികളിലും അച്ഛന്റെ മാസ്റ്റർപീസ്സായിരുന്നു. കൂടാതെ ഒട്ടനവധി വിപ്ലവ ഗാനങ്ങളും അച്ഛൻ പാടിയിട്ടുണ്ടായിരുന്നു. ഒരിക്കൽ ഏതോ ഒരു വിപ്ലവ വേദിയിൽ പാട്ടു പാടലെല്ലാം കഴിഞ്ഞ് തളർന്നുറങ്ങുന്ന അച്ഛനെ എഴുന്നേൽപ്പിച്ച് സാക്ഷാൽ എ കെ ജി "സഖാവേ ഒരു വിപ്ലവ ഗാനം പാടാമോ എന്ന് ചോദിച്ചത് ആവർത്തിച്ചാവർത്തിച്ച് അച്ഛൻ പറയാറുണ്ട്. ഓരോ തവണ പറയുമ്പോഴും അച്ഛന്റെ കണ്ണുകളിൽ ആവേശം ജ്വലിച്ച് നിൽക്കാറുണ്ട്.

കാലങ്ങൾക്കു ശേഷം മറവി രോഗം മെല്ലെ അച്ഛനെ പിടിക്കൂടി തുടങ്ങിയപ്പോഴും പാട്ടോർമ്മകൾ മാത്രം മായാതെ അച്ഛനിൽ നിറഞ്ഞു നിന്നിരുന്നു.

അച്ഛൻ അവസാനമായി ആശുപതിയിൽ കിടന്നപ്പോൾ ഞാൻ വെച്ചു കൊടുത്ത അച്ഛന്റെ ഇഷ്ട പാട്ടുകൾ കേട്ടുകൊണ്ട് ഒരു കൊച്ചുകുഞ്ഞിനെ പോലെ വലത്തേക്ക് തല ചെരിച്ച് അച്ഛൻ കിടന്നു .ഒന്നും മിണ്ടാൻ വയ്യാതെ ...... സൂചി വെച്ച ഇടത് കൈ എപ്പോഴും എന്റെ മടിയിൽ തന്നെയായിരുന്നു. ഇടയ്ക്കെപ്പോഴോ കാലുകൊണ്ട് ചെറുതായി താളം പിടിക്കുകയും ചെയ്തു. യാദൃശ്ചിമായാണ് യേശുദാസ് പാടിയ " സാഗരമേ ശാന്തമാക നീ ......" എന്ന ഗാനം ഞാൻ കേൾപ്പിക്കുന്നത്. ഒരു പക്ഷെ . അതായിരിക്കണം അച്ഛൻ അവസാനമായി കേട്ട പാട്ട് . വേർപാടിന്റെ വിഷാദരാഗം തുളുമ്പി നിൽക്കുന്നൊരു പാട്ടായിരുന്നു അത്. ആശുപത്രി ചുവരുകളിൽ തട്ടി ഒ എൻ വി യുടെ വരികൾ അവിടെ തന്നെ നിന്നു കാണണം. അവിടുന്ന് പിന്നെ കുറച്ചുനേരം കൂടി മാത്രമെ എനിക്ക് അച്ഛനൊപ്പം ഇരിക്കാൻ കഴിഞ്ഞുള്ളൂ. എല്ലാ ഓർമ്മകളും അവശേഷിപ്പിച്ച് അച്ഛനും യാത്രയായി........

അച്ഛനിലൂടെ ഞാനാദ്യമായ് കേട്ട ആ താരാട്ട് പാട്ട് 'നിറകുടം' എന്ന ചിത്രത്തിന് വേണ്ടി ബിച്ചു തിരുമലയുടെ വരികൾക്ക് ജയവിജയ ഈണം നല്കി യേശുദാസ് പാടിയ " ആരാരോ.. ആരാരോ....... ജീവിതമെന്നൊരു തൂക്കുപാലം അതിൽ ജീവികൾ നാമെല്ലാം സഞ്ചാരികൾ ....." എന്നു തുടങ്ങുന്ന പാട്ടായിരുന്നു. "മദനോത്സവം" എന്ന ചിത്രത്തിന് വേണ്ടി ഒ എൻ വി യുടെ വരികൾക്ക് സലിൽ ചൗധരി ഈണം നൽകി യേശുദാസ് പാടിയ പാട്ടായിരുന്നു അച്ഛനെ ഞാൻ അവസാനം കേൾപ്പിച്ച പാട്ട്.

ഈണങ്ങളുടെ വശ്യത കൊണ്ടും വരികളുടെ മാസ്മരികത കൊണ്ടും മാത്രമല്ല ചില പാട്ടുകൾ നമ്മോടലിഞ്ഞ് ചേരുന്നത് , പ്രിയമുള്ളവരുടെ നിലയ്ക്കാത്ത ഓർമ്മകൾ കൂടി ചേർത്തു വെയ്ക്കുമ്പോഴാണ് . "അച്ഛനും പാട്ടും " വേർപിരിക്കാനാകാത്ത രണ്ട് ഈണങ്ങളായതു കൊണ്ടാകാം പാട്ടോർമ്മ അച്ഛന്റെയും കൂടി ഓർമ്മയായത് .........!

മീനാംബിക ടീച്ചർ
എച്ച്. എസ്.ടി മാത്സ്

Anamiya P 10 N
PCNGHSS
MOOKKUTHALA

## ഉടഞ്ഞ കണ്ണാടി

ഉള്ളിലെ വേദന താങ്ങുവാനാകാതെൻ
ഉള്ളം ജ്വലിച്ചു തിളച്ചുനിൽക്കെ
മാനസ്സക്കണ്ണാടി ഉടഞ്ഞതിൻ ചില്ല്
മൗനമായെന്നോട് വ്യഥകൾ ചൊല്ലി
പ്രകൃതിതൻ പച്ചപ്പ് എങ്ങോ മറഞ്ഞു
പ്രാണവായുവിന്നലഞ്ഞു നടന്നു
ഭൂമിയിലേക്കവന്നോരോ ചിലരും
പച്ചയായ് ജീവനെ കൊന്നുതിന്നു
ഭൂമിയാം അമ്മതൻ സങ്കടം താങ്ങാതെ
മേഘവും മെല്ലെ പോയ് മറഞ്ഞു
കരയാൻ ഒരു തുള്ളി കണ്ണുനീരില്ലാതെ
കാറ്റും എങ്ങോ പോയ് മറഞ്ഞു
ഓരോരോ ഇലയും പൊഴിയുന്ന പോലെ
ഓരോരോ ജീവനും പൊലിഞ്ഞുപോയി
എവിടെയോ കണ്ട ഇത്തിരി നീരിനായ്
മേഘവും ആർത്തിയോടെ കതിച്ചു
താൻ നീങ്ങുമോരോ പാതയും മെല്ലെ
മായുമെന്നുള്ളത് മുകിലും മറന്നു
വേദനസഹിക്കാതെ ഭൂമിയമ്മയും മെല്ലെ
തൻശിരസ്സ് മറച്ചുപിടിച്ചു
എവിടെയോ വീണുപോയ തന്റെ പ്രാണനെ
തിരയുവാനാകാതെയമ്മ നിന്നു
പെട്ടന്നൊരു നിലവിളി കേട്ടു പ്രകൃതി-
യമ്മയുടെ നെഞ്ചിലും വിങ്ങലായി
തിരികെവരാൻ ഇനി കഴിയില്ലെന്നോർത്ത്
മേഘവും എങ്ങോ മറഞ്ഞുപോയി.

# *once I Learned To Forgive*

Finally! For once I learned to forgive

So that I could change myself

And give me myself the only thing

I lacked

to change my mind

And once you learn to forgive

So that you could change yourself

And therefore provide the only thing

you and I lacked

to change our home

But once we all learn to forgive

So that we could change ourselves

And shall gift us the only thing

we lacked

to change the world

Solitude won't be near

If you learn and live to forgive,

And they all will be here

for now and always with you

And by learning to forgive,

We are learning to love ourselves

And there shall be no war but peace

and happiness until eternity

So let it all start from me, then you,

And at last it will be us.

And there will be birds to sing, bees to mutter,
rainbows to be born, stars to twinkleAnd humans to love and forgive

*Priyanandan*
*9I*
*PCNGHSS,Mookkuthala*

# ചതുരവിപത്ത്

ഒരിക്കൽ ഞാൻ എന്റെ  സുഹൃത്തിന്റെ വീട് സന്ദർശിക്കുകയുണ്ടായി. അവിടെ ഞാൻകണ്ടത് അവന്റെ അനിയൻ ലഹരി ഉപയോഗിക്കുന്നതാണ്. ലഹരി എന്ന് ഉദ്ദേശിച്ചത് മൊബൈൽ ഫോണിനെ തന്നെ. അവൻ വീട്ടിലുള്ള ആരോടും സംസാരിക്കുകയില്ല . സദാ സമയവും മൊബൈലിൽ തന്നെ. വീട്ടിൽ ആരെങ്കിലും വന്നാൽ പേരിനു വേണ്ടി മാത്രം ഒരു ചിരി .അവന്റെ മുത്തശ്ശൻ പല കാര്യങ്ങളും അവനോട് ചോദിക്കുന്നുണ്ട്. എന്നാൽ അവനൊന്നും അറിയുന്നില്ല. ഞാനതു തിരിച്ചറിഞ്ഞു എന്ന് കണ്ടിട്ടാകാം സങ്കടം കടിച്ചമർത്തി എനിക്കൊരു ചെറുചിരി സമ്മാനിച്ച് നടന്നു പോയി മുത്തശ്ശൻ. ഞാനെന്റെ കൂട്ടുകാരനോട് തന്നെ അവന്റെ അനുജനെ കുറിച്ച് ചോദിച്ചു. വീട്ടിലുള്ളവരെല്ലാം അവനെ ഉപദേശിച്ചു. പക്ഷേ മൊബൈൽ വാങ്ങിയാൽ അവൻ ഒരു പ്രത്യേക മാനസികാവസ്ഥയിലേക്ക് മാറുകയാണ് ഭക്ഷണം കഴിക്കാനോ മുറിയിൽ നിന്ന് പുറത്തിറങ്ങാനോ തയ്യാറാകുന്നില്ല എനിക്ക് മനസ്സിലായി കഞ്ചാവും കള്ളും ഒന്നുമല്ല ഫോൺ ആണ് ഏറ്റവും വലിയ ലഹരി എന്ന്. ഇന്നത്തെ തലമുറയിലെ കുട്ടികളിൽ ഭൂരിഭാഗവും മൊബൈലിന് അഡിക്റ്റായി കൊണ്ടിരിക്കുന്നു. 10 മാസം വയറ്റിൽ ചുമന്നു കൊണ്ടു നടന്ന അമ്മയോട് ഇല്ലാത്ത, മക്കൾ തേങ്ങിയാൽ നെഞ്ചുപൊട്ടുന്ന അച്ഛനോട് ഇല്ലാത്ത ,നരയിലൂടെ നിഷ്കളങ്കമായ സ്നേഹവും പരിപാലനവും നൽകുന്ന മുത്തശ്ശനോട് ഇല്ലാത്ത എന്ത് ആകർഷണമാണ് ഇന്നത്തെ കുട്ടികൾക്ക് ഈ ചതുര വിഷത്തിനോടുള്ളത് പിന്നീട് ഒന്നുകൂടി ചിന്തിച്ചപ്പോൾ തോന്നി പല ഫോൺ അഡിക്ഷനുകൾക്കും കാരണം മാതാപിതാക്കളാണ് . ശൂന്യമായ വെള്ളക്കടലാസ് പോലെയാണ് കുട്ടികളുടെ മനസ്സ് 'അതിൽ എഴുതിയാൽ അത് മായാതെ നിൽക്കും പല സന്ദർഭങ്ങളിലും മാതാപിതാക്കൾ തന്നെയാണ് നേരംപോക്കിനായി ഈ മൊബൈൽ ഫോൺ നൽകുന്നത് എന്നാൽ ക്രമേണ ഈ ലോകത്തിലേക്ക് കുട്ടികൾ വീണു പോവുകയാണ് .ഈ ദുരുപയോഗം നമുക്ക് തടയാൻ കഴിഞ്ഞില്ലെങ്കിൽ നമുക്ക് നഷ്ടപ്പെടുക ഒരുപാട് സ്വപ്നങ്ങളെയും ഒരുപാട് നാളത്തെ വാഗ്ദാനങ്ങളെയും ആണ് ഇത് മാറ്റാൻ ഒരു മരുന്നേയുള്ളൂ വായന. അത് ഇന്നത്തെ കുട്ടികൾ ഏറ്റെടുക്കാൻ തുടങ്ങിയില്ലെങ്കിൽ കാര്യങ്ങളെല്ലാം ആ ചതുര വിപത്ത് കീഴടക്കും.........

ശ്രീഹരി

8 I

# ലിറ്റിൽ കൈറ്റ്സ്






# പത്മശ്രീയുടെ നിറവിൽ



**ചിത്രൻ നമ്പൂതിരിപ്പാടിന്റെ സ്തുത്യർഹമായ സേവനത്തെ മാനിച്ചുകൊണ്ട് രാജ്യം മരണാനന്തര ബഹുമതിയായി പത്മശ്രീ നൽകി ആദരിച്ചു**